"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിൽ താല്ക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2024/SWD തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-
1. 23.05.2022 ലെ സ.ഉ(കൈ)നം.16/2022/SWD നമ്പർ ഉത്തരവ്.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 09.02.2024, 29.04.2024, 13.06.2024 തീയതികളിലെ ഡി.എസ്.ഡബ്ല്യൂ./303/2022-എ1 നമ്പർ കത്തുകൾ.

**ഉത്തരവ്**

സൈനിക ക്ഷേമ വകുപ്പിൽ ഡയറക്ടർ തസ്തികയിലും, ഡെപ്യൂട്ടി ഡയറക്ടർ/ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികകളിലും കേന്ദ്രസർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് കേന്ദ്രസർക്കാർ അംഗീകരിച്ച യോഗ്യതകൾ മാനദണ്ഡമാക്കി നിയമനങ്ങൾ നടത്തുന്നതിനായി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ ഡിപ്പാർട്മെന്റൽ പ്രൊമോഷൻ കമ്മറ്റി യോഗം ചേർന്ന് വകുപ്പിൽ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ/ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികകളിൽ സ്ഥാനക്കയറ്റം നടത്തിവരുന്നില്ല. നിലവിൽ താൽക്കാലിക സ്ഥാനക്കയറ്റം ആണ് വകുപ്പിൽ നൽകിവരുന്നത് .

സൈനിക ക്ഷേമ വകുപ്പിൽ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിൽ 06 ഒഴിവുകൾ നിലവിലുണ്ടെന്നും എന്നാൽ താൽകാലിക പ്രൊമോഷൻ നൽകുന്നതിന് അർഹരായ മൂന്ന് ഉദ്യോഗസ്ഥർ മാത്രമാണ് നിലവിലുള്ളതെന്നും ഇപ്രകാരം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും, വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിഘാതമാവുകയും ചെയ്യുകയാണെന്നും ആയതിനാൽ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലെ അർഹരായ മൂന്ന് അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ

ഓഫീസർമാർക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലേയ്ക്ക് താൽകാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൈനിക ക്ഷേമ ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സൈനിക ക്ഷേമ ഡിറക്ടറുടെ ശുപാർശയുടെ വെളിച്ചത്തിൽ ഭരണപരമായ അടിയന്തിര സാഹചര്യം മുൻ നിർത്തി , താൽക്കാലിക പ്രൊമോഷനുള്ള നിരോധനത്തിൽ ഇളവ് നൽകി, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർമാരായ ശ്രീ.സുധാകരൻ വി(പെൻ 479321), ശ്രീ.സുരേഷ് കുമാർ റ്റി (പെൻ 560378), ശ്രീ.ഷാജി കെ കെ (പെൻ 394420) എന്നിവർക്ക് KS & SSR Part II Rule 31(a) (i) പ്രകാരം ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി യഥാക്രമം പത്തനംതിട്ട ,തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ, ജില്ലാ സൈനിക ക്ഷേമ ഓഫീസർമാരായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ,സൈനിക ക്ഷേമ വകുപ്പ്,തിരുവനന്തപുരം.

2.ശ്രീ.സുധാകരൻ വി, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, ആലപ്പുഴ (ഡയറക്ടർ മുഖേന)

3. ശ്രീ.സുരേഷ് കുമാർ റ്റി, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, തിരുവനന്തപുരം (ഡയറക്ടർ മുഖേന)

4. ശ്രീ.ഷാജി കെ കെ, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, കണ്ണൂർ (ഡയറക്ടർ മുഖേന)

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

7. അക്കൗണ്ടന്റ് ജനറൽ, (എ & ഇ), കേരള, തിരുവനന്തപുരം.

8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്

9. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jenshar B
Date: 21-06-2024 15:59:51

സെക്ഷൻ ഓഫീസർ